# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വേങ്ങാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.7/1809/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 06/12/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വേങ്ങാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വേങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വേങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.7/1809/2023 തീയ്യതി: 06/12/2023

## കണ്ണൂർ ജില്ലയിലെ വേങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ വേങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-12-2022 മുതൽ 19-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 46 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 39 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എ.ആർ. ജിതേന്ദ്രൻ | ഡെപ്യൂട്ടി ഡയറക്ടർ | 20-11-2023 | 28-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-11-2023 | 28-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ് കുമാർ.എം, ഓഡിറ്റ് ഓഫീസർ
ശ്രീ. ഷിജു. എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. ശ്രീജ. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ജിജില. ടി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഗീത. കെ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. പ്രദീപ് കുമാർ. പി | സെക്രട്ടറി | 01-04-2022 | 31-03-2023 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വിനോദൻ.എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി. ദിവ്യ. ടി.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ഷെറിൻ ജോസ് | കൃഷി ഓഫീസർ | 01-04-2022 | 01-11-2022 |
| അശ്വിൻ. എസ് | കൃഷി ഓഫീസർ | 02-11-2022 | 31-03-2023 |
| ശ്രീ. മുഹമ്മദ് സാജിദ് തൈക്കണ്ടി | വി.ഇ.ഒ, പാതിരിയാട് സർക്കിൾ | 01-04-2022 | 31-10-2022 |
| ശ്രീ. വിപിൻ. സി | വി.ഇ.ഒ, പാതിരിയാട് സർക്കിൾ | 01-11-2022 | 31-03-2023 |
| ശ്രീമതി. ശീതള കുമാരി. കെ.കെ | വി.ഇ.ഒ, പട്ടുവിലായി സർക്കിൾ | 01-04-2022 | 22-06-2022 |
| ശ്രീമതി. ലിന്ന. ടി.പി | വി.ഇ.ഒ, പട്ടുവിലായി സർക്കിൾ | 23-06-2022 | 31-03-2023 |
| ഡോ. തുഷാര. പി.സി | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2022 | 31-03-2023 |
| ഡോ. പ്രീതംലാൽ. എ.ടി | വെറ്റിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി. വന്ദന. പി.പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 09-08-2022 |
| ശ്രീ. സുഭാഷ്. എസ്.എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 10-08-2022 | 31-03-2023 |
| ശ്രീമതി. ഗീത. എം.ജി | ഹെഡ് മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീമതി. സതി. സി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ.റിജുൽ രാജ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 31-05-2022 |
| ശ്രീമതി. സരിത. കെ.വി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-06-2022 | 31-03-2023 |
| ഡോ. ആതിര. ജെ.സി | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2022 | 03-02-2023 |

| | | | |
|---|---|---|---|
| ഡോ. പ്രീയ. പി.ആർ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 04-02-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം ആസ്തിയായി രേഖപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | കാപ്പിറ്റൽ കോൺടിബ്യൂഷൻ കാലികമാക്കിയിട്ടില്ല. | 1-1-2 |
| 4 | ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | നോട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയിട്ടില്ല. | 1-1-6 |
| 8 | സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-1-7 |
| 9 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-8 |
| 10 | ശുചിത്വ മിഷൻ ഫണ്ട്- വരവ് ചെലവ് അധികമായി രേഖപ്പെടുത്തി | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 13 | ഫണ്ട് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമ പദ്ധതികൾ | 1-7 |
| 17 | ക്യാഷ് പരിശോധന | 1-8 |
| 18 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 19 | ഗ്രാമസഭ | 1-10 |
| 20 | തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു. | 1-11 |
| 21 | കെട്ടിടങ്ങളുടെ നികുതി നിർണയം നടത്തിയതിലെ അപാകത | 1-12 |
| 22 | കെട്ടിടങ്ങളെ വസ്തുനികുതി ചുമത്തുന്നതിൽ നിന്നും ഒഴിവാക്കി | 1-13 |
| 23 | വസ്തുനികുതി കുടിശ്ശിക ഈടാക്കിയില്ല | 1-14 |
| 24 | വാണിജ്യ കെട്ടിടത്തിന്റെ വസ്തു നികുതി- തറ നിർമിതിയുടെ അടിസ്ഥാനത്തിൽ ഉള്ള നികുതി വർദ്ധനവ് കണക്കാക്കിയില്ല. | 1-15 |
| 25 | FTE&OS ലൈസൻസ് ഫീസ് ഈടാക്കുന്നതിലെ അപാകങ്ങൾ | 1-16 |

| | | |
|---|---|---|
| 26 | തനത് വരുമാനം - പൊതു അവലോകനം | 1-17 |
| 27 | ലൈഫ് മിഷൻ ഭവന വായ്പ തിരിച്ചടക്കാൻ ബാക്കിയില്ലാതിരുന്നിട്ടും വികസന ഫണ്ട് സ്രോതസ്സിൽ നിന്നും കുറവ് ചെയ്തു | 1-18 |
| 28 | അപ്രന്റീസ് ട്രെയിനികൾക്ക് സ്റ്റൈപന്റ് - കേന്ദ്ര സർക്കാരിൽ നിന്നും തുക ലഭ്യമായിട്ടില്ല | 1-19 |
| 29 | വെള്ളക്കരം അടവാക്കൽ -പൊതുടാപ്പുകളുടെ ആവശ്യകത പരിശോധിക്കേണ്ടതാണ് - 410000 രൂപ തടസ്സപ്പെടുത്തുന്നു. | 1-20 |
| 30 | സ്മാർട്ട് ഐ-ഫേസ് 1 - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ₹150000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-21 |
| 31 | ഐ കെ എം വിഹിതം കൈമാറൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല ₹96073 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-22 |
| 32 | കോക്ലിയർ ഇംപ്ലാന്റുകളുടെ മെയിന്റനൻസിനുള്ള വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-23 |
| 33 | ഹോമിയോ മരുന്നുകൾ ലഭ്യമായില്ല-₹171220 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-24 |
| 34 | വാതിൽപ്പടി സേവന പദ്ധതി -തുടർ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. | 1-25 |
| 35 | സ്വയം തൊഴിൽ സംരംഭം -ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന് ഉറപ്പാക്കേണ്ടതാണ്. | 1-26 |
| 36 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ- അപാകങ്ങൾ | 1-27 |
| 37 | നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മുൻകൂറായി അനുവദിച്ച തുക ക്രമീകരിച്ചിട്ടില്ല | 1-28 |
| 38 | ആസ്തി പരിപാലനം - കാര്യക്ഷമമാക്കേണ്ടതാണ് | 1-29 |
| 39 | പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള പദ്ധതി തയ്യാറാക്കിയിട്ടില്ല. | 1-30 |
| 40 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-അപാകങ്ങൾ | 1-31 |
| 41 | കീഴത്തൂർ തുക്കപാലം പുനർനിർമാണം പൊളിച്ച മാറ്റിയ വസ്തുക്കൾ പുനരുപയോഗിച്ചില്ല | 1-32 |
| 42 | ഒഴിഞ്ഞ ടാർ വീപ്പയുടെ വിലയും ,ജിഎസ് ടി യും അതേ വകുപ്പിൽ /ഫണ്ടിലേയ്ക്ക് ഒടുക്കിയിട്ടില്ല | 1-33 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |

| | | |
|---|---|---|
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത്‌രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് വേങ്ങാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 19-07-2023 ലെ 139/23 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 19-07-2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വേങ്ങാട് ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2023ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത്‌രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വേങ്ങാട് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

കണ്ണൂർ,
06.12.2023.

## 1-1-1 പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം ആസ്തിയായി രേഖപ്പെടുത്തിയിട്ടില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുഴുവൻ ഭൂമിയുടെയും മൂല്യം ബാലൻസ് ഷീറ്റിൽ (ബി-11-ൽ) ആസ്തിയായി രേഖപ്പെടുത്തിയിട്ടില്ല. തൻ വർഷം എം.സി.എഫ് സ്ഥാപിക്കുന്നതിനായി വാങ്ങിയ ഭൂമിയുടെ മൂല്യം മാത്രമാണ് ആസ്തിയായി രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-1-2 കാപ്പിറ്റൽ കോൺട്രിബ്യൂഷൻ കാലികമാക്കിയിട്ടില്ല.

സ്ഥാപനത്തിന് ഗ്രാന്റ് ആയി ലഭിച്ച തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

### 1-1-3 ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

CFC Grant : B-17 ഷെഡ്യൂൾ പ്രകാരമുള്ള തുക ( ₹4582090) B-4 ഷെഡ്യൂൾ പ്രകാരമുള്ള തുകയുമായി (₹3514303) പൊരുത്തപ്പെടുന്നില്ല.

### 1-1-4 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹467458യാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹25675843 യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-5 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

1. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(എഫ്) പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.
2. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

### 1-1-6 നോട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾ 62 ഇ പ്രകാരമുള്ള പ്രധാന അക്കൗണ്ട് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

### 1-1-7 സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. ഉദാഹരണമായി വസ്തു നികുതി, വാടക വരവ് എന്നിവ മാർച്ച് മാസാവസാനമാണ് ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ളത്.

### 1-1-8 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. B-11 ഷെഡ്യൂളിൽ പരാമർശിച്ച ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-1-9 ശുചിത്വ മിഷൻ ഫണ്ട്- വരവ് ചെലവ് അധികമായി രേഖപ്പെടുത്തി

വാർഷിക ധനകാര്യ പത്രികയിലെ RP- 30 ഷെഡ്യൂളിൽ ശുചിത്വ മിഷൻ ഗ്രാന്റ് ഇനത്തിൽ ₹48000 വരവും ചെലവും രേഖപ്പെടുത്തിയിട്ടുണ്ട് . എന്നാൽ തൻവർഷം ശുചിത്വ മിഷൻ ഗ്രാന്റ് ഇനത്തിൽ വരവ് ഇല്ല. വെർച്ചൽ അക്കൗണ്ട് മുഖേന ലഭിക്കുന്ന ശുചിത്വ മിഷൻ ഗ്രാന്റ് ബിൽ സമർപ്പിക്കുമ്പോഴാണ് അക്കൗണ്ടിൽ വരുന്നത്. പേയ്മെന്റ് ആകുന്നതിന് മുമ്പ് ഉത്തരവ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക വരവിലെടുത്തതിനാലാണ് ഇപ്രകാരം വരവ് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-2 ബജറ്റ്

വേങ്ങാട് ഗ്രാമ പഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് 25-03-2022 തീയതിയിലെ 82/2022 നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 07-03-2023 ലെ 34/2023 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 25818236 | 25818236 |

| | | |
|---|---|---|
| വരവ് | 345313000 | 345313000 |
| ആകെ | 371131236 | 371131236 |
| ചെലവ് | 345874000 | 347242000 |
| നീക്കിയിരിപ്പ് | 25257236 | 23889236 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 15991295 |
| വരവ് | 55304119 |
| ആകെ | 71295414 |
| ചെലവ് | 54836661 |
| നീക്കിയിരിപ്പ് | 16458753 |
| വരവിനങ്ങളിലെ നഷ്ടം | 0 |
| ചെലവിനങ്ങളിലെ നഷ്ടം | 0 |
| തടസ്സപ്പെടുത്തിയ തുക | 877293 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 0 | 24821050 | 24821050 | 24821050 | 0 |
| വികസന ഫണ്ട് - എസ് സി പി | 0 | 1292418 | 1292418 | 1226000 | 66418 |
| മെയിന്റനൻസ് ഫണ്ട് - റോഡ് | 0 | 9981000 | 9981000 | 9981000 | 0 |
| മെയിന്റനൻസ് ഫണ്ട് - നോൺ റോഡ് | 0 | 7547000 | 7547000 | 6710778 | 836222 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 1399013 | 6478000(ബാങ്ക്) 4057379 (ട്രഷറി) | 11934392 | 4673499(ബാങ്ക്) 2250462 (ട്രഷറി) | 3203514 (ബാങ്ക്) 1806917 (ട്രഷറി) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺ ടൈഡ് | 0 | 4508420(ബാങ്ക്) 45486 (ട്രഷറി) | 4553906 | 4197608(ബാങ്ക്) 20432 (ട്രഷറി) | 310812 (ബാങ്ക്) 25054 (ട്രഷറി) |
| ഐ സി ഡി എസ് കേന്ദ്രവിഹിതം | 855199 | 2522100 | 3377299 | 1781882 | 1595417 |
| ടോട്ടൽ സാനിറ്റേഷൻ | 95200 | 0 | 95200 | 0 | 95200 |
| സ്വച്ഛ് ഭാരത് അഭിയാൻ | 0 | 101031 | 101031 | 101031 | 0 |
| ഹെൽത്ത് ഗ്രാന്റ്- ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ | 0 | 269134 | 269134 | 3600 | 265534 |
| ഹെൽത്ത്ഗ്രാന്റ് | 0 | 137329 | 137329 | 0 | 137329 |
| എം പി ഫണ്ട് | 73 | 0 | 73 | 73 | 0 |
| ഹെൽത്ത് മിഷൻ ഫണ്ട് | 0 | 450000 | 450000 | 243540 | 206460 |

| | | | | | |
|---|---|---|---|---|---|
| എംജിഎൻആർഇജിഎസ് | 2270 | 42505198 | 42507468 | 42500761 | 6707 |
| പൈക്ക | 13148 | 541 | 13689 | 0 | 13689 |
| പ്രത്യേകോദ്ദേശ്യ ഗ്രാന്റ് | 776577 | 580700 | 1357277 | 465050 | 892227 |
| ശുചിത്വ മിഷൻ ഫണ്ട് | 2174 | 0 | 2174 | 0 | 2174 |
| ബേബി ഫ്രന്റ്ലി ടോയിലറ്റ് | 0 | 50000 | 50000 | 48563 | 1437 |
| വിമുക്തി | 37500 | 4015 | 41515 | 0 | 41515 |
| സാക്ഷരത | 102277 | 3611 | 105888 | 0 | 105888 |
| ജലനിധി | 0 | 1000000 | 1000000 | 0 | 1000000 |
| അവാർഡ് | 14936 | 0 | 14936 | 0 | 14936 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 216 | 117653140 | 181 | 74961468 | 47 | 35 | 134 | 62 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 8 | 5379674 | 4753538 | 88.36 |
| വെറ്ററിനറി സർജ്ജൻ | 4 | 4 | 2969000 | 1266498 | 42.6 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 16 | 14 | 5319572 | 4060170 | 76.33 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 2 | 2 | 1295000 | 1292879 | 99,84 |
| ഫിഷറീസ് സബ്ഇൻസ്പെക്ടർ | 1 | 1 | 80000 | 32000 | 40 |
| വി.ഇ.ഒ, പടുവിലായി | 13 | 11 | 3504864 | 3140895 | 89.62 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 10 | 8566450 | 8203733 | 95.77 |
| സെക്രട്ടറി | 36 | 31 | 13279633 | 9719696 | 73.19 |
| വി.ഇ.ഒ, പാതിരിയാട് | 15 | 10 | 23232000 | 6619940 | 28.49 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 92 | 76 | 48233247 | 31096835 | 64.47 |

| | | | | | |
|---|---|---|---|---|---|
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1417550 | 1409550 | 99.44 |
| ഹെഡ് മാസ്റ്റർ | 5 | 3 | 1060000 | 631736 | 59.6 |
| അസിസ്റ്റന്റ് സെക്രട്ടറി | 11 | 9 | 3316150 | 2733998 | 82.44 |
| ആകെ | 216 | 181 | 117653140 | 74961468 | 63.71 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2270 | 1006277 | 1008547 | 1001840 | 6707 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 41498921 | 41498921 | 41498921 | - |
| ആകെ | 2270 | 42505198 | 42507468 | 42500761 | 6707 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 7968200 | 534 |
| വിധവാപെൻഷൻ | 21865000 | 1520 |
| വാർദ്ധക്യകാലപെൻഷൻ | 41056000 | 3159 |
| ഭിന്നശേഷി പെൻഷൻ | 7539800 | 499 |
| അവിവാഹിത പെൻഷൻ | 8016800 | 327 |
| വിവാഹ ധനസഹായം | 120000 | 4 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-11-2023 തീയതിയിൽ 2.25 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 23121 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ടുള്ള ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകളിൽ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതിയും, ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനവും, വിലയിരുത്തുകയും പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കാൻ എഞ്ചിനീയറിങ്ങ് വിഭാഗത്തിന് നിർദ്ദേശം നല്കിയിട്ടുണ്ട്. ഐ.എൽ.ജി.എം.എസ് വഴിയുള്ള ഫയൽ പ്രൊസസിങ്ങിലുള്ള പുരോഗതി വിലയിരുത്തുകയും പെൻഡിങ്ങ് ഫയലുകൾ തീർപ്പാക്കാനുള്ള നടപടി സ്വീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്.

## 1-10 ഗ്രാമസഭ

ഓഡിറ്റ് സമയത്ത് ഗ്രാമസഭകൾ നടന്ന് കൊണ്ടിരിക്കുന്നതിനാൽ മൂന്നാം വാർഡിന്റെ ഗ്രാമസഭാ മിനുട്സ് മാത്രമാണ് പരിശോധനയ്ക്കായി ലഭ്യമാക്കിയത്. മിനുട്സ് പരിശോധിച്ചതിൽ 2022-23 വർഷം 3 തവണ ഗ്രാമസഭാ യോഗം ചേർന്നിട്ടുണ്ട്. 2022-23 വാർഷിക പദ്ധതി സ്റ്റാറ്റസ് റിപ്പോർട്ട് അവതരണം, പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണം, വാതിൽപടി സേവന ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ, ലൈഫ് പദ്ധതി ഗുണഭോക്താക്കളെ

അംഗീകരിക്കൽ, 2022-23 വർഷത്തെ വാർഷിക പദ്ധതി അവലോകനം, വ്യക്തിഗത ഗുണഭോക്തൃ പട്ടിക അംഗീകരിക്കൽ, ഐ.എൽ.ജി.എം.എസ് സിറ്റിസൺ പോർട്ടൽ പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തൽ, എം.ജി.എൻ.ആർ.ഇ.ജി.എസ് ആക്ഷൻ പ്ലാൻ അംഗീകരിക്കൽ, 2023-24 വാർഷിക പദ്ധതി രൂപീകരണം തുടങ്ങിയവ അജണ്ടയിൽ ഉൾപ്പെടുത്തുകയും, മിനട്സിൽ നിർദ്ദേശങ്ങളും തീരുമാനങ്ങളും രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## 1-11 തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു.

1994ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, സെക്ഷൻ 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസ്സിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ, ഏർപ്പെടുകയോ, പൊതുവായോ, സ്വകാര്യമായോ എന്തെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാവുന്നതാണ്.

2022-23 വർഷത്തെ എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് രജിസ്റ്റർ, ലൈസൻസ് അപേക്ഷകൾ, തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 2022-23 സാമ്പത്തിക വർഷത്തിൽ FTE&OS ലൈസൻസ് അനുവദിച്ചിട്ടുള്ള ചുവടെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം | കെട്ടിട നം / ലൈസൻസിയുടെപേര് | സ്ഥാപനം | അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 7/70 എ.പ്രദീപൻ | ഫർണിച്ചർ നിർമ്മാണം | 2 |
| 2 | 13/652 C ഡോ.രമിത.എൻ.ആർ | ഡെന്റൽ ലാബ് | 2 |
| 3 | 12/457 സന്ദീപ് ദാമോദരൻ | അശ്വതി എഞ്ചിനീയറിംഗ് വർക്ക്സ് | 2 |
| 4 | 8/255 പി.പ്രേമൻ | ഓയിൽ & ഫ്ലോർ മിൽ | 2 |
| 5 | 12/458 പ്രമോദ് കുമാർ.സി | നിജേഷ് എഞ്ചിനീയറിംഗ് വർക്ക്സ് | 2 |
| 6 | 13/674 എം.രമേശൻ | എം.ആർ ഗ്ലാസ്സ് ഹൌസ് & ഹാർഡ്‌വെയേഴ്സ് | 3 |
| 7 | 21/1126 എം.സി മുകുന്ദൻ | മലബാർ സ്റ്റീൽ ട്രേഡേഴ്സ് | 2 |
| 8 | 21/29 A ഡോ.വി.കെ.ഹരീന്ദ്രൻ | മോഡേൺ ക്ലിനിക്ക് | 7 (3 ജീവനക്കാരിൽ നിന്നും ഈടാക്കിയിട്ടുണ്ട്) |
| 9 | 13/690 കൗസല്യ.എം | ബേക്കറി | 3 |
| 10 | 21/511,512 രേഷ്മ.പി | ഹൈടെക് എജൻസീസ് | 2 |
| 11 | 21/37 പി.രേവതി | അനശ്രീ മെഡിക്കൽസ് | 3 |

| | | | |
|---|---|---|---|
| 12 | 13/771<br>രാജേന്ദ്രൻ.കെ | ന്യൂ രശ്മി ട്രേഡേഴ്സ് | 4 |
| 13 | 6/21 A<br>സുരേശൻ.ഐ | പൊന്നു ഫർണിച്ചർ | 3 |
| 14 | 12/364<br>ഷാഹുൽ ഹമീദ്.ടി.സി | ഇൻഡിക് റസ്റ്റോറന്റ് | 6 |
| 15 | 6/194<br>അഖിൽകുമാർ.സി.കെ | അശ്വതി എന്റർപ്രൈസസ് | 2 |
| 16 | 13/598<br>പി.മാധവൻ | മമ്പറം വുഡ് ഉൻഡസ്ട്രീസ് | 7 |
| 17 | 21/695 G<br>റസീം.എ.കെ | റാക് ബാഗ്സ് | 3 |
| 18 | 21/1263 B<br>നസീഫ്.വി.പി | സെന്റർ പോയിന്റ് റെഡിമെയ്ഡ്സ് & ടെക്സ്റ്റൈൽസ് | 3 |

മേൽ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/22.11.2023) നൽകിയ മറുപടി പരിഗണിച്ച് തൊഴിൽനികുതി ഈടാക്കിയിട്ടുള്ള ജീവനക്കാരുള്ള സ്ഥാപനങ്ങളെ ഒഴിവാക്കിയതിനു ശേഷമുള്ളവയാണ് പട്ടികയിൽ കൊടുത്തിരിക്കുന്നത് (1 മുതൽ 300 വരെയുള്ള ലൈസൻസ് മാത്രം പരിശോധിച്ചതിൽ). മുഴുവൻ സ്ഥാപനങ്ങളെയും പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും ജീവനക്കാരിൽ നിന്നും അവരുടെ വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കുവാൻ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-12 കെട്ടിടങ്ങളുടെ നികുതി നിർണയം നടത്തിയതിലെ അപാകത

കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2018-19 കാലയളവിൽ വിവിധ റസിഡൻഷ്യൽ ആവശ്യത്തിനുള്ള കെട്ടിടങ്ങൾ കൂട്ടിച്ചേർക്കലിനായി പെർമിറ്റ് എടുത്തിട്ടുണ്ടെങ്കിലും പെർമിറ്റ് കാലാവധിക്ക് ശേഷം മേൽ കെട്ടിങ്ങളുടെ പെർമിറ്റ് പുതുക്കുകയോ കൂട്ടിച്ചേർത്ത ഭാഗത്തിന് നികുതി നിർണ്ണയിക്കാൻ വേണ്ടി അപേക്ഷ നൽകുകയോ ചെയ്തതായി കാണുന്നില്ല. പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ് വെയറുമായി താരതമ്യ പരിശോധന നടത്തിയപ്പോൾ കൂട്ടിച്ചേർത്ത ഭാഗത്തിന് നാളിതുവരെ നികുതി നിർണ്ണയിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | പെർമിറ്റ് നമ്പർ/ കാലാവധി | കെട്ടിടത്തിന്റെ നിലവിലെ വിസ്തീർണ്ണം (ച.മീ) (കെട്ടിട ഉടമ സമർപ്പിച്ച പ്ലാൻ പ്രകാരം) | കൂട്ടിച്ചേർക്കലിനായി പെർമിറ്റ് അനുവദിച്ച ഭാഗത്തിന്റെ വിസ്തീർണ്ണം (ച.മീ) (കെട്ടിടഉടമ സമർപ്പിച്ച പ്ലാൻ പ്രകാരം) | സഞ്ചയപ്രകാരം നികുതി നിർണ്ണയിച്ച ഭാഗത്തിന്റെ വിസ്തീർണ്ണം (ച.മീ) |
|---|---|---|---|---|---|---|
| 1 | 13/559 | അശ്വിൻ സുനിൽ, സെൽമ സുനിൽ | A3-BA(26830)/2019 05.02.2022 | 97.35 (താഴത്തെ നില) | 36.45 (താഴത്തെ നില) 93.75 (ഒന്നാമത്തെ നില ) | 95 (താഴത്തെ നില) |

| | | | | | | |
|---|---|---|---|---|---|---|
| 2 | 5/268 | മുട്ട സുവർണ്ണ | A3-BA(82083)/2019 28.04.2022 | 111.16 (താഴത്തെ നില ) | 95.37 (ഒന്നാമത്തെ നില ) | 144.47 (താഴത്തെ നില) |
| 3 | 18/417 | ഹസീന.കെ.പി | A3-BA(25760)/2019 04.02.2022 | 52.61 (താഴത്തെ നില ) | 28.81 (താഴത്തെ നില ) 59.12 (ഒന്നാമത്തെ നില ) | 84.24 (താഴത്തെ നില ) |

പെർമിറ്റ് കാലാവധിക്ക് ശേഷം പെർമിറ്റ് പുതുക്കുകയോ വസ്തുനികുതി പുനർനിർണ്ണയിക്കുകയോ ചെയ്യാത്ത ഇത്തരം കെട്ടിടങ്ങളുടെ നിലവിലെ നിർമ്മാണ ഘട്ടം, പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വസ്തുനികുതി പരിഷ്ക്കരിച്ച് ഈടാക്കാൻ സ്വീകരിച്ച നടപടികൾ, മേൽ പറഞ്ഞിരിക്കുന്ന കെട്ടിടങ്ങളുടെ നിലവിലെ വസ്തു നികുതി നിർണയത്തിന് പരിഗണിച്ച തറ വിസ്തീർണ്ണം കെട്ടിട ഉടമ സമർപ്പിച്ച പ്ലാൻ പ്രകാരമുള്ള നിലവിലെ തറ വിസ്തീർണ്ണം എന്നിവ തമ്മിലുള്ള അന്തരത്തിന് കാരണം എന്നിവ വിശദമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (39/27.11.2023) മറുപടി ലഭ്യമാക്കിയില്ല. കെട്ടിടങ്ങളുടെ വിസ്തീർണ്ണത്തിൽ മേൽ പറഞ്ഞത് പ്രകാരം വ്യത്യാസം വരാനുള്ള കാരണം അറിയിക്കേണ്ടതും കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങളുടെ വിസ്തീർണ്ണത്തിന് ആനുപാതികമായി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-13 കെട്ടിടങ്ങളെ വസ്തുനികുതി ചുമത്തുന്നതിൽ നിന്നും ഒഴിവാക്കി

വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട സ.ഉ(എം.എസ്)നം.358/15/തസ്വഭ തീയതി 16.12.2015 ഖണ്ഡിക 3 പ്രകാരം 60 ച.മീ വരെ വിസ്തീർണ്ണമുള്ള ഒരു കുടുംബത്തിലെ കുടുംബനാഥൻ/കുടുബനാഥയുടെ പേരിലുള്ളതും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്നതുമായ ഒരു വാസഗൃഹത്തെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. സഞ്ചയയിൽ വസ്തു നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ, അസസ്മെന്റ് (ഫോറം 6) എന്നിവ പരിശോധിച്ചതിൽ 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള ചുവടെ ചേർത്ത കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ചതുരശ്ര മീറ്റർ) | ഉടമസ്ഥന്റെ പേര് |
|---|---|---|---|
| 1 | 1/37 A | 84 | പുല്ലാണിയോട്ട് ശാന്ത |
| 2 | 1/59 A | 89 | കാടൻ കുഞ്ഞിപ്പാത്തു |
| 3 | 1/105 A | 95 | കച്ചേരി പത്മനാഭൻ |
| 4 | 1/111 | 70 | സുമേശൻ പട്ടത്താരി |
| 5 | 1/140 A | 147 | എടക്കാടൻകണ്ടി അയിസോമ്മ, മറിയോമ്മ, മറിയുമ്മ |
| 6 | 1/323 | 104 | ചെറിയവളപ്പ് സ്രാന്പി |
| 7 | 1/374 A | 98.06 | വടക്കെകണ്ടി രവീന്ദ്രൻ |
| 8 | 1/377 A | 108 | വടക്കെകണ്ടി ദേവി |
| 9 | 1/492 A | 125 | ഈയപ്പള്ളി രാമൻ |
| 10 | 1/509 A | 98 | പുണ്ണാങ്കണ്ടി നടുവിലോതി മുസ്തഫ |
| 11 | 4/101 A | 113 | അളോക്കൻ പവിത്രൻ |
| 12 | 4/152 A | 95 | കാട്ടിലെ പുരയിൽ കുഞ്ഞാത്തുമ്മ |
| 13 | 5/63 A | 98 | സി.പി.ഇബ്രാഹിം ഹാജി |

| | | | |
|---|---|---|---|
| 14 | 6/30 A | 112 | വലിയാണ്ടി ഇബ്രാഹിം |
| 15 | 6/50 | 125 | കുഞ്ഞിപീടികയിൽ റംല |
| 16 | 6/54 A | 87 | കൊട്ടരത്തിൽ മുസ്തഫ |
| 17 | 6/163 | 83 | ഐലാപ്രത്ത് ചിരുതൈ |
| 18 | 6/299 A | 125 | ഞാലി ജാനു |
| 19 | 6/377 A | 133 | എലിയൻ കുഞ്ഞി |
| 20 | 6/444C | 145 | ചേന്നിശ്ശേരി കുഞ്ഞിക്കണ്ണൻ നായർ |
| 21 | 6/491 A | 98 | ചേലേരി ചീരു |
| 22 | 9/594A | 103 | നടുക്കണ്ടി നാണു |
| 23 | 10/181 B | 108 | പീറ്റക്കണ്ടി രാജൻ |
| 24 | 10/386 | 90.35 | ചൊവ്വ നാണു |
| 25 | 19/256 | 97.34 | സുധീഷ്.പി |
| 26 | 19/473 | GF=79.8<br>FF=37.5 | മംഗലാടൻ നബീസു |
| 27 | 18/174 | 88.88 | എം പി പോക്കു |
| 28 | 20/209 A | 90 | ഐലാച്ചി കല്ല്യാണി |
| 29 | 20/288 C | GF=80<br>FF=65 | കെ.ടി.പത്മജ |
| 30 | 20/436 A | 98 | പാറോളി രാഘവൻ |
| 31 | 21/361 A | 85 | കുലോത്ത് വളപ്പിൽ അനിൽകുമാർ |
| 32 | 21/381 | 78 | ചീരാങ്കോട്ട് സിന്ധു മുതൽപ്പേർ |
| 33 | 21/390 A | 129 | ചെതയമ്പത്ത് നമ്പിക്കണ്ടി കല്യാണി |
| 34 | 21/874 A | 125 | വി.കെ.അബ്ദുള്ള |
| 35 | 21/1123 | 128 | കണ്ണിപ്പൊയിൽ കദീജ |

മേൽ പരാമർശിച്ച കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് ചെയ്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.40/27.11.2023) മറുപടി ലഭ്യമാക്കിയില്ല. ഫീൽഡ് പരിശോധന നടത്തി കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിച്ച് നികുതി ഇളവിന് അർഹത ഇല്ലാത്ത കെട്ടിടങ്ങളാണെങ്കിൽ നികുതി ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-14 വസ്തുനികുതി കുടിശ്ശിക ഈടാക്കിയില്ല

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നുണ്ട്.

| കെട്ടിട നം. | കെട്ടിട ഉടമ | കുടിശ്ശിക (₹) | കുടിശ്ശിക കാലയളവ് |
|---|---|---|---|
| 13/431 | മാനേജർ, മമ്പറം ഇംഗ്ലീഷ് മീഡിയം സ്കൂൾ | 121427 | 2018 ആദ്യ പകുതി മുതൽ |
| 13/ 431 A | മാനേജർ, മമ്പറം ഇംഗ്ലീഷ് മീഡിയം സ്കൂൾ | 15341 | 2015 ആദ്യ പകുതി മുതൽ |
| 13/ 431 C | മാനേജർ, മമ്പറം ഇംഗ്ലീഷ് | 199020 | 2013 ആദ്യ പകുതി മുതൽ |

| | | | |
|---|---|---|---|
| | മീഡിയം സ്കൂൾ | | |
| 13/ 431 D | മാനേജർ, മമ്പറം ഇംഗ്ലീഷ് മീഡിയം സ്കൂൾ | 186600 | 2013 ആദ്യ പകുതി മുതൽ |
| 13/ 431 E | മാനേജർ, മമ്പറം ഇംഗ്ലീഷ് മീഡിയം സ്കൂൾ | 186600 | 2013 ആദ്യ പകുതി മുതൽ |
| 13/432 | മാനേജർ, മമ്പറം ഇംഗ്ലീഷ് മീഡിയം സ്കൂൾ | 31691 | 2016 ആദ്യ പകുതി മുതൽ |
| 13/525 | മാനേജിംഗ് ട്രസ്റ്റി, ഇന്ദിരാഗാന്ധി എജ്യുക്കേഷൻ ട്രസ്റ്റ് | 4,68,809 | 2013 ആദ്യ പകുതി മുതൽ |
| 13/928 0 | മാനേജിംഗ് ട്രസ്റ്റി, ഇന്ദിരാഗാന്ധി എജ്യുക്കേഷൻ ട്രസ്റ്റ് | 55736 | 2015 ആദ്യ പകുതി മുതൽ |
| 21/818 A | റിലയൻസ് ഇൻഫോ കോ ലിമിറ്റഡ് എ ആൻഡ് പി ആർക്കേഡ് | 17655 | 2020 ആദ്യ പകുതി മുതൽ |

വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടുണ്ടോ എന്നും, ഇല്ലെങ്കിൽ കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടിയുടെ വിശദാംശം അറിയിക്കേണ്ടതാണെന്നും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.41/27.11.2023) മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശിക തുക ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 1-15 വാണിജ്യ കെട്ടിടത്തിന്റെ വസ്തു നികുതി- തറ നിർമിതിയുടെ അടിസ്ഥാനത്തിൽ ഉള്ള നികുതി വർദ്ധനവ് കണക്കാക്കിയില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് ( വസ്തുനികുതിയും സേവന ഉപനികുതിയും സർ ചാർജ്ജും ) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. അതായത് 100/200 വരെ ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിൽ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക്/ ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

2022-23 വർഷം നികുതി നിർണ്ണയം നടത്തിയ, 250 ച.മീറ്ററിന് മുകളിൽ തറവിസ്തീർണമുള്ള താഴെക്കൊടുത്തിരിക്കുന്ന കെട്ടിടത്തിന്റെ തറനിർമ്മിതി മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് എന്നിവ കൊണ്ടുള്ളതാണ് എന്നാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. മേൽത്തരം തറനിർമ്മിതിയുള്ള 250 ച.മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതിയുടെ 15% വർദ്ധനവ് കൂടി ഈടാക്കേണ്ടതുണ്ട്. എന്നാൽ ഫോം 6 ൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ പ്രകാരം തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് നികുതി നിർണ്ണയത്തിന് പരിഗണിച്ചിട്ടില്ല.

| കെട്ടിട ഉടമയുടെ പേര് - തണലോട്ട് റിയാസുദ്ദീൻ<br>പെർമിറ്റ് നമ്പർ -A3-BA(175067)/21 തീയതി 18.08.2021 | |
|---|---|
| കെട്ടിട നമ്പർ | തറ വിസ്തീർണ്ണം( ച.മീ) |
| 11/100 A | 31.58 |
| 11/100 B | 30.71 |

| | |
|---|---|
| 11/100 C | 28.28 |
| 11/100 D | 30.29 |
| 11/100 E | 30.29 |
| 11/100 F | 31.48 |
| 11/100 G | 30.71 |
| 11/100 H | 27.41 |
| 11/100 I | 24.28 |
| 11/100 J | 30.29 |
| 11/100 K | 30.30 |
| ആകെ | 325.62 |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (38/27.11.2023) ലഭ്യമാക്കിയ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് കണക്കാക്കുമ്പോൾ കെട്ടിടത്തിന്റെ മൊത്തം വിസ്തീർണ്ണം പരിഗണിക്കേണ്ടതില്ലെന്ന് മറുപടി തൃപ്തികരമല്ല. കെട്ടിടത്തിന്റെ തറ നിർമ്മിതി സംബന്ധിച്ച് സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് സാങ്കേതിക പിഴവ് ഐ.കെ.എം.-ന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും തുടർനടപടിയുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-16 FTE&OS ലൈസൻസ് ഫീസ് ഈടാക്കുന്നതിലെ അപാകങ്ങൾ

I) സ.ഉ.(അ)80/2017/ത.സ്വ.ഭ.വ തീയതി 31.10.2017 പ്രകാരം ഭേദഗതി വരുത്തിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകളായി തരം തിരിച്ച് ഓരോന്നിനും ബാധകമായ (ചട്ടത്തിലെ പട്ടിക 2 പ്രകാരം) ലൈസൻസ് ഫീസാണ് ഈടാക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് എന്റർപ്രൈസുകൾക്ക് ചുമത്താവുന്ന ഫീസ് നിരക്കുകൾ ക്രമീകരിച്ച് ഭരണസമിതി തീരുമാനം എടുത്തിട്ടില്ല.

Ii) ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയ 2022-23 വർഷത്തെ FTE&OS ലൈസൻസ് ഫീ ഡിമാന്റ് രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2022-23 വർഷം ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല.

| ക്രമ നം | കെട്ടിട നമ്പർ | ലൈസൻസിയുടെ പേര് |
|---|---|---|
| 1 | 1/343 A | അബ്ദുൾ ഖാദർ.പി.സി |
| 2 | 2/63 | മുഹമ്മദലി |
| 3 | 2/68,69 | സബീർ.വി.കെ |
| 4 | 2/447 A | പ്രശാന്തൻ |
| 5 | 3/10 | മായൻ |
| 6 | 3/11 | എൻ.കെ മധു |
| 7 | 3/50 | കെ.എൻ.ഉമ്മർ |
| 8 | 3/53 | മുഹമ്മദ് റാഷിദ് |
| 9 | 3/75 | വി.കെ.അബൂബക്കർ |
| 10 | 3/77 | കെ.പി അബൂബക്കർ |
| 11 | 3/213 | അൻസാർ.എം |
| 12 | 3/214 | റിയാസ്.സി.കെ |
| 13 | 3/243 | സി.പി മുഹമ്മദ് |
| 14 | 3/406 | കെ.അജിത |
| 15 | 3/429 | വിനോദൻ.കെ |
| 16 | 3/436 | അശോകൻ |
| 17 | 3/493 | അശോകൻ |

| | | |
|---|---|---|
| 18 | 3/496 | കെ.ജയരാജൻ |
| 19 | 3/498 | രമ്യ.പി |
| 20 | 3/506 | ഹാഷിം.കെ |
| 21 | 3/570 A | മുഹമ്മദ് നിസാർ |
| 22 | 3/596 | മുഹമ്മദലി.പി.എം |
| 23 | 4/54,56 | രേഖപ്പെടുത്തിയില്ല |
| 24 | 4/78 | രേഖപ്പെടുത്തിയില്ല |
| 25 | 4/95 A | സദാശിവൻ |
| 26 | 4/121 A | മോഹനൻ |
| 27 | 4/164 I | അനിൽ കുമാർ |
| 28 | 5/179 A | ശാന്ത നെല്ല്യാടൻ |
| 29 | 5/180 B | ശാന്ത നെല്ല്യാടൻ |
| 30 | 5/217 | പ്രവീണ |
| 31 | 5/218 | മുകുന്ദൻ.സി.കെ |
| 32 | 5/329 | കൃഷ്ണൻ |
| 33 | 5/359 | ടി ചന്ദ്രൻ |
| 34 | 5/427 | ടി മനോജ് |
| 35 | 5/557 | ബിജു.കെ |

മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് നിരക്ക് ക്രമീകരിച്ചുകൊണ്ടുള്ള ഭരണസമിതി തീരുമാനം, മേൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കി ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ വിശദാംശം എന്നിവ ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7/23.11.2023) മറുപടിയായി, ഫീസ് നിരക്ക് ക്രമീകരിച്ചുകൊണ്ട് ഭരണസമിതി തീരുമാനം എടുത്തിട്ടില്ല എന്നും മുൻ വർഷത്തെ ഡിമാന്റ് രജിസ്റ്റർ അടിസ്ഥാനമാക്കിയാണ് തൻവർഷം ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയത് എന്നും, 3,8,9,14,16,17,19,28,29,30,39 എന്നീ ക്രമ നമ്പറുകളിലെ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയതായും ബാക്കി സ്ഥാപനങ്ങൾ തുറന്ന പ്രവർത്തിക്കുന്നില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ലൈസൻസ് ഫീസ് ഈടാക്കിയതായി അറിയിച്ചിട്ടുള്ള സ്ഥാപനങ്ങൾ 2022-23 വർഷത്തെ ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ ഡിമാന്റ് രജിസ്റ്റർ അപൂർണ്ണമാണ്. 1 മുതൽ 5 വരെയുള്ള വാർഡുകളിലെ ട്രേഡേഴ്സ് ലിസ്റ്റ് മാത്രം പരിശോധിച്ചതിൽ കണ്ട സ്ഥാപനങ്ങളാണ് മേൽ പട്ടികയിൽ ഉൾകൊള്ളിച്ചിരിക്കുന്നത്. മുഴുവൻ വാർഡുകളിലെയും സ്ഥാപനങ്ങൾ പരിശോധനാ വിധേയമാക്കേണ്ടതും സ്ഥാപനങ്ങൾ തുറന്ന പ്രവർത്തിക്കുന്നുണ്ടെങ്കിൽ ലൈസൻസ് ഫീ ഈടാക്കി ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതും, ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-17 തനത് വരുമാനം - പൊതു അവലോകനം

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തണമെന്ന് സർക്കാർ നിർദേശിച്ചിട്ടുണ്ട്. വേങ്ങാട് ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ ടാക്സ് ഓഡിറ്റിന്റെ അവലോകനം താഴെ കൊടുക്കുന്നു.

I.വസ്തുനികുതി

വസ്തുനികുതി പരിഷ്കരണ മാർഗനിർദേശം പാലിച്ച് 6/111(1)/2023 തീയതി 22.06.2023 നമ്പർ ഭരണസമിതി തീരുമാന പ്രകാരം നിലവിൽ പുതിയ നിരക്കിൽ വസ്തുനികുതി ഈടാക്കി തുടങ്ങിയിട്ടുണ്ട്. ഒരു മൊബൈൽ ടവർ ഉൾപ്പെടെയുള്ള കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതി ഇനത്തിൽ കുടിശ്ശിക പിരിച്ചെടുക്കുവാൻ ബാക്കിയുണ്ട്.

II.അനധികൃതനിർമാണം

ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണവും വിപുലീകരണവും നടത്തുകയും പിന്നീട് ക്രമവൽക്കരണം നടത്തി നികുതി ഈടാക്കി വരികയും ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർനടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് സാധിച്ചിട്ടില്ല. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത

കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയ വേളയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ 9 ബി ഫാറത്തിൽ നൽകിയവരുടെ എണ്ണം 1260 ആണ്. ഗ്രാമപഞ്ചായത്തിൽ അനധികൃതനിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ഫീൽഡ് പരിശോധന നടത്തി അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

III.തൊഴിൽനികുതി

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ (സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള പൊതുവിതരണ കേന്ദ്രങ്ങളിലെ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. പ്രതീക്ഷിത വർഷം തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായ ആൾക്കാരുടെ ഡാറ്റാബേസ് തയ്യാറാക്കുന്നതിലൂടെ പ്രൊഫഷണൽസ്, മരാമത്ത് കരാറുകാർ, മറ്റ് കച്ചവടസ്ഥാപനങ്ങളിലെ തൊഴിലാളികൾ എന്നിവരുടെ തൊഴിൽ നികുതി കൃത്യമായി ഈടാക്കാൻ സാധിക്കുന്നതാണ്.

IV. FTE&OS ലൈസൻസ്

സ്ഥാപനലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഈടാക്കുന്നതെങ്കിലും മൂലധന നിക്ഷേപത്തിന്റെ ആധികാരികത ഉറപ്പുവരുത്തുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല. താരതമ്യേന ഉയർന്ന മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്ന് പരമാവധി ലൈസൻസ് ഫീസ് ഈടാക്കുന്നതിന് സാധിക്കുന്ന തരത്തിൽ പരിശോധന കാര്യക്ഷമമാക്കേണ്ടതാണ്. ഉയർന്ന മൂലധന നിക്ഷേപം ഉണ്ടാകാൻ സാധ്യതയുള്ള സംരംഭങ്ങളുടെ കാര്യത്തിൽ മൂലധന നിക്ഷേപത്തിന്റെ കൃത്യത വ്യക്തമായ രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. കൂടുതൽ തുക മുതൽമുടക്കുള്ള വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയവ ഫീൽഡ് പരിശോധനയിൽ കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നത് യഥാസമയം ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് അധിക വിഭവ സമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കാവുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവസമാഹരണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ [സ.ഉ.(കൈ) 84/22/തസ്വഭവ 19.4.2022 ഖണ്ഡിക 5.1-ലെ] പൊതു നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കാൻ ഭരണസമിതി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-18 ലൈഫ് മിഷൻ ഭവന വായ്പ തിരിച്ചടക്കാൻ ബാക്കിയില്ലാതിരുന്നിട്ടും വികസന ഫണ്ട് സ്രോതസ്സിൽ നിന്നും കുറവ് ചെയ്തു

2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ B-5 ഷെഡ്യൂൾ പ്രകാരം വായ്പ ഇനത്തിൽ നീക്കിയിരിപ്പ് ഇല്ല. എന്നാൽ Go(Rt)No.6872/2022/fin,12-10-22 പ്രകാരം അനുവദിച്ച വികസന ഫണ്ട്(പൊതുവിഭാഗം) രണ്ടാം ഗഡുവിലെ സ്രോതസ്സിൽ നിന്നും ₹13950ഉം Go(Rt)No.1049/2022/fin, 13-2-23 പ്രകാരം അനുവദിച്ച മൂന്നാം ഗഡുവിലെ സ്രോതസ്സിൽ നിന്നും ₹13949 വികസനഫണ്ട് പൊതു വിഭാഗത്തിൽ നിന്നും ₹209246 വികസനഫണ്ട് എസ്.സി.പി യിൽ നിന്നുമായി ആകെ ₹237145 കുറവ് ചെയ്തിട്ടുണ്ട്. തിരികെ ലഭിക്കാനുള്ള ₹237145 യിൽ ₹223195 തുകയ്ക്ക് പ്രൊജക്ട് നമ്പർ 261/23, ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (എസ്.സി.പി) (₹13949), പ്രൊജക്ട് നമ്പർ 262/23 ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (ജനറൽ) (₹209246) പ്രകാരം ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. രണ്ടാം ഗഡുവിലെ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത ₹13950ക്ക് ജി.ഒ പ്രോജക്ട് തയ്യാറാക്കിയിട്ടില്ല. ₹ 237145 തുക തിരികെ ലഭിക്കാൻ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ 15/23-11-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 അപ്രന്റീസ് ട്രെയിനികൾക്ക് സ്റ്റൈപന്റ് - കേന്ദ്ര സർക്കാരിൽ നിന്നും തുക ലഭ്യമായിട്ടില്ല

കേന്ദ്ര സർക്കാരിന്റെ അപ്രന്റീസ് പ്രമോഷൻ സ്കീം രാജ്യത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി അപ്രന്റീസ് ട്രെയിനിംഗ് കൂടുതൽ ശക്തിപ്പെടുത്തുന്നതിന് എല്ലാ അപ്രന്റീസ് ട്രെയിനികൾക്കും 2016 ഒക്ടോബർ മുതൽ സ്റ്റൈപന്റിന്റെ 25% പരമാവധി ₹1500 കേന്ദ്ര സർക്കാർ നല്കുമെന്ന് വ്യവസായ പരിശീലന വകുപ്പിന്റെ 26-09-2016ലെ എഫ്-1/21777/ 2016 നമ്പർ കത്ത്, വ്യവസായ പരിശീലന വകുപ്പ് ആർ.ഐ സെന്റർ കണ്ണൂർ അസിസ്റ്റന്റ് അപ്രന്റിസ്ഷിപ്പ് അഡ്വൈസറുടെ 07.10.2022ലെ RIC/KNR/83/2022-A3 നമ്പർ കത്ത് എന്നിവയിൽ വ്യക്തമാക്കിയിട്ടുണ്ട്. വേങ്ങാട് ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ അപ്രന്റീസ് ട്രെയിനിയായി ശ്രീ. യദുകൃഷ്ണ കെ എം, ശ്രീ നവനീത് കെ എന്നിവരെ 2.12.22 മുതൽ നിയമിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ അപ്രന്റീസ് ട്രെയിനികൾക്കുള്ള സ്റ്റൈപ്പന്റായി ₹56000 ചെലവഴിച്ചിട്ടുണ്ടെന്നും ₹12000 കേന്ദ്ര സർക്കാരിൽ നിന്നും തിരികെ ലഭിക്കാനുണ്ടെന്നും 12/23-11-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും തിരികെ ലഭിക്കാനുള്ള തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 1-20 വെള്ളക്കരം അടവാക്കൽ -പൊതുടാപ്പുകളുടെ ആവശ്യകത പരിശോധിക്കേണ്ടതാണ് - 410000 രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ / പേര് | 98/23 വെള്ളക്കരം ഒടുക്കൽ |
| അടങ്കൽ | ₹410000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>₹100000 തനത് ഫണ്ട്<br>ആകെ- ₹510000 |
| ചെലവ് | ₹270104 ബിൽ നമ്പർ :144/7-12-22<br>₹33763 ബിൽ നമ്പർ :149/15-12-22<br>₹33763 ബിൽ നമ്പർ :205/20-1-23<br>₹72370 ബിൽ നമ്പർ :388/23-3-23<br>₹84928 വൌച്ചർ നമ്പർ: 22201065/25-3-23<br>ആകെ- ₹494928 |

മേൽ പ്രൊജക്ടുകൾ പ്രകാരം പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 2022 ഡിസംബർ വരെ പ്രതിവർഷം ഒരു ടാപ്പിന് ₹5788 നിരക്കിലും 2023 ജനുവരി മുതൽ പ്രതിവർഷം ഒരു ടാപ്പിന് ₹14559 നിരക്കിലും 70 ടാപ്പുകളുടെ ചാർജ്ജായി ആകെ ₹507486 വാട്ടർ അതോറിറ്റിക്ക് അടവാക്കിയിട്ടുണ്ട്(₹12558 തനത് ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്). 70 ടാപ്പുകളും പ്രവർത്തനക്ഷമമാണെന്ന് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ഉറപ്പു വരുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ റിപ്പോർട്ട്, പൊതു ടാപ്പുകളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ജലജീവൻ മിഷൻ പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തുകളിലെ മുഴുവൻ വീടുകളിലും കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്ന നടപടികൾ ആരംഭിച്ച സാഹചര്യത്തിലും പ്രതിവർഷം 5 ലക്ഷത്തോളം രൂപ ഈ ആവശ്യത്തിനായി ചെലവഴിക്കുന്ന സാഹചര്യത്തിലും ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകൾ നിലനിർത്തേണ്ടതുണ്ടോയെന്നത് സംബന്ധിച്ചുള്ള വിവരവും ലഭ്യമാക്കുന്നതിന് 13/23-11-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 10 ടാപ്പുകൾ ഒഴികെ ബാക്കിയുള്ളവ ഒഴിവാക്കുന്നതിന് 20-11-23 ലെ ഭരണ സമിതി യോഗത്തിൽ തീരുമാനിച്ചിട്ടുണ്ടെന്നും 31-12-21 ൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയത്. എന്നാൽ സംയുക്ത പരിശോധന റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും ഭരണസമിതി തീരുമാനം നടപ്പാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ച് ഈ ഇനത്തിൽ പാഴ്ചെലവ് ഉണ്ടാകുന്നില്ലെന്ന് ഉറപ്പാക്കേണ്ടതുമാണ്. മേൽ വിഷയം സംബന്ധിച്ച തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ 14-ാം പദ്ധതി മാർഗ്ഗരേഖ (സ.ഉ. 84/22 തസ്വഭവ 19.4.2022) ഖണ്ഡിക 6.7.3(b) പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് കുടിവെള്ള പ്രോജക്ടുകൾക്ക് തുക ഒടുക്കുമെങ്കിലും വെള്ളക്കരം ഒടുക്കാൻ അനുമതി നൽകിയിട്ടില്ല. ഇവിടെ വെള്ളക്കരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഒടുക്കിയത് മാർഗ്ഗരേഖക്ക് വിരുദ്ധമായതിനാൽ 410000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സർക്കാരിൽ നിന്ന് സ്പഷ്ടീകരണം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 സ്മാർട്ട് ഐ-ഫേസ് 1 - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ₹150000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ / പേര് | 252/23 സ്മാർട്ട് ഐ - ഫേസ് 1 പൊതു ഇടങ്ങളിൽ സിസിടിവി സ്ഥാപിക്കൽ |
| അടങ്കൽ | ₹ 150000 തനത് ഫണ്ട്<br>₹ 120000 മറ്റുള്ളവ<br>ആകെ ₹ 270000 |
| ചെലവ് | ₹ 150000 ബിൽ നമ്പർ :375/22-3-23 |

മേൽ പ്രൊജക്ട് പ്രകാരം പൊതു ഇടങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത് കണ്ടെത്തി തടയുന്നതിന് സിസിടിവി സ്ഥാപിക്കുന്നതിന് മുന്നോടിയായി ഇന്റർനെറ്റ് കണക്ടിവിറ്റി സൗകര്യങ്ങൾ, നെറ്റ് വർക്ക് ക്യാമറ, പവ്വർ ഒപ്റ്റിമൈസർ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനായി കണ്ണൂർ ജില്ലാപഞ്ചായത്തിന് ₹150000 നൽകിയിട്ടുണ്ട്. മേൽ പ്രോജക്ടിന്റെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങൾ, പ്രസ്തുത തുകയുടെ വിനിയോഗവിവരം എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ 10/23-11-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ സി.സി.ടി.വി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും പ്രൊജക്ട് പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹150000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 ഐ കെ എം വിഹിതം കൈമാറൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല ₹96073 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ / പേര് | 86/23, ഐ.കെ.എം ന് അടയ്ക്കേണ്ട വിഹിതം |
| അടങ്കൽ | ₹96073 വികസനഫണ്ട് -പൊതുവിഭാഗം |
| ചെലവ് | ₹ 96073 ബിൽ നമ്പർ : 72/20-8-22 |

ഐ.കെ.എം വികസിപ്പിച്ച സോഫ്റ്റ് വെയർ സംവിധാനങ്ങളുടെ ഫലപ്രദമായ വിന്യാസത്തിനും മെയിന്റനൻസിനുമായി സർക്കാർ അനുവദിച്ച വികസനഫണ്ടിന്റെ 0.25% പ്രതിവർഷം ഐ.കെ.എം ന് നൽകേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ₹96073 ഐ.കെ.എം എക്സിക്യൂട്ടീവ് ഡയരക്ടർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ 8/23-11-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ഐ.കെ.എം എക്സിക്യൂട്ടീവ് ഡയരക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ₹96073 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 കോക്ലിയർ ഇംപ്ലാന്റുകളുടെ മെയിന്റനൻസിനുള്ള വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ / പേര് | 160/23 കോക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞ ഭിന്നശേഷി കുട്ടികൾക്ക് സഹായം |
| അടങ്കൽ | ₹50,000 വികസന ഫണ്ട് (പൊതുവിഭാഗം) |
| ചെലവ് | ₹50,000 (ബിൽ നമ്പർ : 195/12.01.2023) |

കോക്ലിയർ ഇംപ്ലാന്റേഷൻ ഉപകരണങ്ങളുടെ മെയിന്റനൻസിനായി ശ്രീ.തഹാനിയ.വി.കെ എന്ന ഗുണഭോക്താവിന്റെ അപേക്ഷ പരിഗണിച്ച് ₹50,000 കേരള സാമൂഹ്യസുരക്ഷാമിഷന് നൽകിയിട്ടുണ്ട്. തുകയുടെ കൈപ്പറ്റ് വിവരവും, വിനിയോഗ സാക്ഷ്യപത്രവും ഗുണഭോക്താവിന് ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുന്ന രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കാത്തത് സംബന്ധിച്ച് 29/25.11.2023 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് തുകയുടെ കൈപ്പറ്റ് വിവരം ലഭ്യമാക്കിയിട്ടുണ്ട്. സാമൂഹ്യസുരക്ഷാമിഷന് നൽകിയ തുക 09.11.2023 തീയതിയിലെ ഡിഎ1/284

/2023-തസ്വഭവ നമ്പർ സർക്കുലർ പ്രകാരം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിലേയ്ക്ക് കൈമാറിയതായി കേരള സാമൂഹ്യസുരക്ഷാമിഷനിൽ നിന്ന് അറിയിച്ചതായും, ഗുണഭോക്താവിന്റെ കോക്ലിയർ ഇംപ്ലാന്റേഷൻ ഉപകരണത്തിന് തകരാർ സംഭവിക്കുന്ന മുറയ്ക്ക് തുക ഉപയോഗിക്കാമെന്നും, ആ അവസരത്തിൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ₹50,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഗുണഭോക്താവിന് ആനുകൂല്യം ലഭ്യമാക്കിയ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 ഹോമിയോ മരുന്നുകൾ ലഭ്യമായില്ല-₹171220 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| പ്രോജക്ടിന്റെ നമ്പർ, പേര് | 104/23, ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹3,00,000 (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) |
| ചെലവ് | ₹3,00,000 |
| ബിൽ നം/തീയതി | 310, 07-03-2023 |

മേൽ പദ്ധതി പ്രകാരം ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന വാങ്ങുന്നതിനായി ആകെ₹3,00,000 കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് (HOMCO) മാനേജിങ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം-34306403911) മുൻകൂറായി നൽകിയതിന്റെ അടിസ്ഥാനത്തിൽ ₹128780 യുടെ മരുന്നുകൾ (Tax Invoice No.LF-1293/09-09-2023) ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി ₹171220 യുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (44/27-11-2023 ) ₹171220 യുടെ മരുന്നുകൾ ലഭ്യമായിട്ടില്ലെന്നും മരുന്ന് ലഭ്യമാക്കുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് കത്ത് നല്കിയിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയിട്ടുണ്ട്. മരുന്നുകൾ പൂർണമായും ലഭ്യമാകാത്തതിനാൽ ലഭ്യമാകാത്ത മരുന്നിനായി ഒടുക്കിയ ₹171220 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മുഴുവൻ മരുന്നുകളും ലഭ്യമാക്കി അവ സ്റ്റോക്കിലെടുത്ത്, ഇൻവോയ്സും സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 വാതിൽപ്പടി സേവന പദ്ധതി -തുടർ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ / പേര് | 191/23 വാതിൽപ്പടി സേവന പദ്ധതി |
| അടങ്കൽ | ₹100000 തനത് ഫണ്ട് |
| ചെലവ് | ₹ 48276 വൗച്ചർ നമ്പർ : 22200392/23-8-22 |

പ്രായാധിക്യം, ഗുരുതര രോഗം എന്നിവ കാരണം അവശത അനുഭവിക്കുന്നവർക്ക് അനിവാര്യമായ സേവനം വീടുകളിലെത്തിക്കുന്നതിനാവശ്യമായ ലാപ് ടോപ്പ്, ബയോമെടിക്ക് ഉപകരണങ്ങൾ വാങ്ങൽ, മരുന്ന് വാങ്ങൽ, സേവനം എത്തിക്കുന്ന വളണ്ടിയർമാർക്ക് യാത്ര, ഇന്ധന ചെലവ് എന്നിവ അനുവദിക്കുന്നതിനാണ് മേൽ പ്രൊജക്ട് തയ്യാറാക്കിയിട്ടുള്ളത്. പ്രൊജക്ടിന്റെ ഭാഗമായി കെൽട്രോണിൽ നിന്നും ലഭ്യമായിട്ടുള്ള TVM/iTBG/PI/RC/40574/20-21 /23-8-22 നമ്പർ പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ ₹48276 ചെലവഴിച്ച് ലാപ് ടോപ്പ് വാങ്ങിയിട്ടുണ്ട്. മേൽ പ്രൊജക്ടുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദമായ വിവരങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ 11/23-11-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിലവിൽ തുടർനിർദ്ദേശങ്ങൾ ലഭ്യമല്ലാത്തതിനാൽ പദ്ധതിക്കായി വാങ്ങിയ ലാപ് ടോപ്പ് ഓഫീസ് ആവശ്യത്തിനായി ഉപയോഗിച്ചു വരുന്നുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പതിനാലാം പഞ്ചവത്സര പദ്ധതി, വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ [സ.ഉ(കൈ)നം 84/2022/ത.സ്വ.ഭ.വ തീയതി 19.01.2022] ഖണ്ഡിക 6.9(3) ൽ മേൽ പ്രൊജക്ട് നടത്തിപ്പിനായി ഗ്രാമപഞ്ചായത്തുകൾ ഒരു ലക്ഷം രൂപയിൽ അധികമാകാത്ത തുക വാർഷിക പദ്ധതിയിൽ

നീക്കി വെക്കേണ്ടതാണെന്നും ഗ്രാമപഞ്ചായത്ത് വിഹിതത്തിന് പുറമെ സി.എസ്.ആർ ഫണ്ട്, സംഭാവന, സ്പോൺസർഷിപ്പ് തുടങ്ങിയവയിലൂടെ ലഭിക്കുന്ന തുക കൂടി ഉൾപ്പെടുത്തി പദ്ധതി നടപ്പാക്കാവുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സ.ഉ (സാധാ) 1821/2021/തസ്വഭവ തീയതി 22-9-21 , സ.ഉ (സാധാ) 1066/2021/തസ്വഭവ തീയതി 31-5-21 എന്നീ ഉത്തരവുകൾ പ്രകാരം വാതിൽപ്പടി സേവനം നടപ്പാക്കേണ്ടത് സംബന്ധിച്ച് സർക്കാർ കൃത്യമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. പ്രസ്തുത മാർഗരേഖ പാലിച്ചുകൊണ്ട് വാതിൽപ്പടി സേവനം സംബന്ധിച്ച് തുടർപ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതാണ്. തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച വിശദമായ വിവരങ്ങൾ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 1-26 സ്വയം തൊഴിൽ സംരംഭം -ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന് ഉറപ്പാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ (പാതിരിയാട് സർക്കിൾ) |
| പ്രൊജക്ട് നമ്പർ / പേര് | 82/23 സ്വയം തൊഴിൽ സംരംഭം -വനിത |
| അടങ്കൽ | ₹900000 വികസന ഫണ്ട് - പൊതുവിഭാഗം<br>₹300000 (മറ്റുള്ളവ)<br>ആകെ – ₹1200000 |
| ചെലവ് | ₹ 550000 ബിൽ നമ്പർ : 464/31-3-23 |

മേൽ പ്രൊജക്ട് പ്രകാരം 2 വനിതകൾ ഉൾപ്പെട്ട രണ്ട് ഗ്രൂപ്പുകൾ സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് ₹550000 സബ്സിഡി അനുവദിച്ചിട്ടുണ്ട്. ₹250000 ശ്രീമതി. ബിന്ദു. സി.കെ, ശ്രീമതി. സിന്ധു. സി എന്നിവരുൾപ്പെടുന്ന ഗോമതി ജൈവവള നിർമ്മാണ യൂണിറ്റിനും ₹300000 ശ്രീമതി. ഷീന എ എം, ശ്രീമതി രജിഷ പി എന്നിവരുൾപ്പെടുന്ന ക്ഷീര പാലുല്പന്ന യൂണിറ്റിനുമാണ് അനുവദിച്ചിട്ടുള്ളത്. പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ ഉ (കൈ )നം 115/2022 തസ്വഭവ തീയതി 26-05-2022ഖ-6.5(4) പ്രകാരം സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾ പ്രൊജക്ട് എല്ലാ തലത്തിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നടപ്പാക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും മേൽ യൂണിറ്റുകൾക്ക് ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന് ഉറപ്പാക്കേണ്ടതുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും അപ്രകാരമുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച സംരഭകർക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ല എന്നുറപ്പാക്കാനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-27 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ- അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ (പാതിരിയാട് സർക്കിൾ) |
| പ്രൊജക്ട് നമ്പർ / പേര് | 84/23 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | ₹69000 മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം |
| ചെലവ് | ₹ 54954 ബിൽ നമ്പർ : 100/17-10-22 |

മേൽ പ്രൊജക്ട് പ്രകാരം കെൽട്രോണിൽ നിന്നും ലഭ്യമായിട്ടുള്ള TVM/iTBG/PI/RC/40599/20-21/6-10-22 നമ്പർ പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ ₹ 54954 ചെലവഴിച്ച് വി ഇ ഒ ഓഫീസിലേക്ക് ഒരു ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ വാങ്ങിയിട്ടുണ്ട്. സ.ഉ (സാ ധാ) 1168/2020/തസ്വഭവ തീയതി 16-6-20 പ്രകാരം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക് ജോലി സംബന്ധമായ ആവശ്യങ്ങൾക്ക് മിഡ് ലെവൽ സ്പെസിഫിക്കേഷനുള്ള ലാപ് ടോപ്പുകൾ വാങ്ങി നൽകാവുന്നതാണെന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തലശ്ശേരി ബ്ലോക്കിലുൾപ്പെടുന്ന പഞ്ചായത്തുകളിലെ മുഴുവൻ വി ഇ ഒ മാർക്കും 2021-22 സാമ്പത്തിക വർഷത്തിൽ പ്രൊജക്ട് നം 77/22 പ്രകാരം തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലാപ് ടോപ്പ് കംപ്യൂട്ടറുകൾ വാങ്ങി നൽകിയിട്ടുണ്ട്. G.O(Rt)No.99/2021/ITD Dated 23.07.21 പ്രകാരം സർക്കാർ സ്ഥാപനങ്ങളിൽ കംപ്യൂട്ടറുകൾ വാങ്ങുമ്പോൾ ഡസ്ക് ടോപ്പുകൾക്ക് പകരം ലാപ് ടോപ്പുകൾ വാങ്ങണമെന്ന് നിഷ്കർഷിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ സർക്കാർ ഉത്തരവ് പരിഗണിക്കാതെ വീണ്ടും ഡെസ്ക്ടോപ്പ് കംപ്യൂട്ടർ വാങ്ങിയതിന്റകാരണം വ്യക്തമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ 35/25-11-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലാപ് ടോപ്പ് ലഭ്യമാകുന്നതിന് മുമ്പാണ്(17-10-22) പ്രൊജക്ട് തയ്യാറാക്കി പർച്ചേസ് ഓർഡർ കൊടുത്തിട്ടുള്ളതെന്നും ലാപ് ടോപ്പ് ജനുവരി മാസത്തിലാണ് ലഭ്യമായതെന്നുമാണ് അറിയിച്ചിട്ടുള്ളത്. 2022 മാർച്ച് മാസത്തിനുള്ളിൽ ലാപ് ടോപ് വാങ്ങുന്നതിനായി തുക ചെലവഴിച്ചിട്ടുള്ള സാഹചര്യത്തിൽ 2022-23 സാമ്പത്തിക വർഷം വീണ്ടും ഡെസ്ക് ടോപ്പ് വാങ്ങുന്നതിനായി തുക ചെലവഴിച്ചത് ഉചിതമായ നടപടിയല്ല. പ്രൊജക്ട് നടപ്പാക്കുമ്പോൾ ഇരട്ടിപ്പ് ഉണ്ടാവുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ്. അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മുൻകൂറായി അനുവദിച്ച തുക ക്രമീകരിച്ചിട്ടില്ല

2022-23 സാമ്പത്തിക വർഷത്തെ അഡ്വാൻസ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ നിർവഹണ ഉദ്യോഗസ്ഥർക്ക് കണ്ടിജന്റ് ചെലവുകൾക്ക് മുൻകൂറായി അനുവദിച്ച തുകയിൽ ₹168968 ക്രമീകരിക്കാൻ ബാക്കിയുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുൻ വർഷങ്ങളിൽ അനുവദിച്ച തുകയിൽ ക്രമീകരിക്കാൻ ബാക്കിയുള്ള തുക (₹) | 2022-23 ൽ അനുവദിച്ച തുക (₹) | 2022-23 ൽ ക്രമീകരിച്ചത് (₹) | ക്രമീകരിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|
| കൃഷി ഓഫീസർ | 23035 | 20000 | 9622 | 33413 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 24329 | 60000 | 51557 | 32772 |
| മെഡിക്കൽ ഓഫീസർ( പി എച്ച് സി) | 36815 | 150000 | 166569 | 20246 |
| വെറ്റിനറി സർജ്ജൻ | 17642 | 20000 | 12390 | 25252 |
| വി ഇ ഒ (പാതിരിയാട്) | 685 | 5000 | 0 | 5685 |
| വി ഇ ഒ (പട്ടുവിലായി) | 852 | 5000 | 625 | 5227 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 1026 | 57500 | 14916 | 43610 |
| ഐ സി ഡി എസ് | 11110 | 10000 | 18347 | 2763 |

| | | | | |
|---|---|---|---|---|
| സൂപ്പർവൈസർ | | | | |
| | 115494 | 327500 | 274026 | 168968 |

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I ആർട്ടിക്കിൾ 99, ജി.ഒ (പി) നം.419/2011/ഫിൻ തീയതി 04-10-2011 പ്രകാരം മൂന്ന് മാസങ്ങൾക്കകം മുൻകൂർ ക്രമീകരിച്ചിട്ടില്ലെങ്കിൽ തുക പിൻവലിച്ച തീയതി മുതൽ തുക ഈടാക്കുന്നത് വരെയുള്ള കാലയളവിലേക്ക് 18% പലിശ ഈടാക്കേണ്ടതാണെന്ന് പ്രതിപാദിച്ചിട്ടുണ്ട്. മുൻ വർഷം അഡ്വാൻസായി അനുവദിച്ച തുക ക്രമീകരിക്കാതെ വീണ്ടും തുക അനുവദിച്ചിട്ടുണ്ട്. നാളിതുവരെയായും മേൽ പ്രകാരം മുൻകൂർ നൽകിയ തുക ക്രമീകരിക്കാത്തത് സംബന്ധിച്ച് നൽകിയ 16/23-11-23 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ തുക ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും ചെലവ് വിവരങ്ങൾ ലഭ്യമാകാതെ വീണ്ടും തുക അനുവദിക്കുന്നത് ഉചിതമായ നടപടിയല്ല. ക്രമീകരിക്കാൻ ബാക്കിയുള്ള ₹168968 യുടെ ചെലവ് വിവരങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും ലഭ്യമാക്കി തുക ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 ആസ്തി പരിപാലനം - കാര്യക്ഷമമാക്കേണ്ടതാണ്

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 20-01-2017 ലെ ജി.ഒ(ആർ.ടി)166/2017/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം അംഗീകരിച്ച അസറ്റ് മാനേജ്മെന്റ് മാന്വലിലെ ഖണ്ഡിക2-2ൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും സെക്രട്ടറി കൺവീനറായും വൈസ് പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, എൽ.എസ്.ജി.ഡി. എൻജിനീയർ, അക്കൗണ്ടന്റ് തുടങ്ങിയവർ ഉൾപ്പെട്ട ഒരു അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ടെന്ന് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള (03/21-11-2023) മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും അസറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റിയുടെ മിനുട്സ് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

19-04-2022 തീയതിയിലെ സ.ഉ(കൈ)നം.84/2022/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ 6.8 നമ്പർ ഖണ്ഡികയിൽ മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കുവാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്കുയർത്തുന്നതിനും അനുയോജ്യമായ നിർദ്ദേശങ്ങളാണ് ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി.ഐ.എസ് സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ആസ്തി രജിസ്റ്റർ കുറ്റമറ്റതും കാലികവുമാക്കേണ്ടതും തങ്ങളുടെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് തദ്ദേശഭരണ സ്ഥാപനം ഉറപ്പു വരുത്തേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്ന ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ടെന്നും ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയുടെ നികുതി അടവാക്കിയിട്ടില്ലെന്നുമാണ് അറയിയിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ആസ്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതും ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ഭൂമിയുടെയും നികുതി അടവാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-30 പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള പദ്ധതി തയ്യാറാക്കിയിട്ടില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28-05-2022 ലെ സ. ഉ. (കൈ)115/2022/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.5.1 ൽ സംരംഭകത്വ വികസനവും നൈപുണ്യ വികസനവും പ്രധാന ഘടകങ്ങളായി ഉൾപ്പെടുത്തി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതിക്കൊപ്പം പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള ഒരു പദ്ധതി (LED Plan) കൂടി 2022-23 മുതൽ തയ്യാറാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 04-01-2023 ലെ സ. ഉ. (കൈ)3/2023/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പ്രാദേശിക സാമ്പത്തിക വികസന പദ്ധതി നടപ്പാക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖയിലെ ഖണ്ഡിക 5 ൽ പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള സംഘടനാ സംവിധാനം രൂപീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്നും 04-01-2023 ലെ സ. ഉ. (കൈ)3/2023/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 5 ൽ നിർദ്ദേശിച്ച പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി കൺവീനറായും സംരംഭകത്വ-തൊഴിൽ വികസന കൗൺസിൽ, തദ്ദേശ ഭരണ സ്ഥാപനതല സാങ്കേതിക സമിതി എന്നിവ രൂപീകരിച്ചിട്ടുണ്ടോ എന്നും അറിയിക്കണമെന്നും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (5/21-11-2023) പ്രാദേശിക സാമ്പത്തിക വികസന പദ്ധതി തയ്യാറാക്കിയിട്ടില്ല എന്ന് മറുപടി നല്കിയിട്ടുണ്ട്. പ്രാദേശിക

സാമ്പത്തിക വികസനത്തിനായുള്ള സംഘടനാ സംവിധാനം രൂപീകരിച്ചിട്ടുണ്ടോ എന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല. പ്രാദേശിക സാമ്പത്തിക വികസന പദ്ധതി തയ്യാറാക്കുന്നതിനും, പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള സംഘടനാ സംവിധാനം രൂപീകരിക്കുന്നതിനുമായി ഈ വിഷയം പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 1-31 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-അപാകങ്ങൾ

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജ്ജൻ. |
| പ്രോജക്ടിന്റെ നമ്പർ, പേര് | 155/23, പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | ₹462500 വികസന ഫണ്ട്-ജനറൽ<br>₹462500 ഗുണഭോക്തൃ വിഹിതം<br>ആകെ-₹925000 |
| ചെലവ് | ₹462500 വികസന ഫണ്ട്-ജനറൽ<br>ബിൽ നമ്പർ. 208/23/1/23 |

ഈ പദ്ധതിയുമായി ബന്ധപ്പെട്ട കാലിത്തീറ്റ നൽകുന്നതിനായി പാതിരിയാട് ക്ഷീരോത്പാദക സഹകരണ സംഘം എന്ന സ്ഥാപനത്തിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. എന്നാൽ പ്രസ്തുത സ്ഥാപനം കാലിത്തീറ്റ വിതരണം ചെയ്തതിന്റെ രേഖകൾ, ഗുണഭോക്താക്കളുടെ കൈപ്പറ്റ് രസീത് എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയിരുന്നില്ല. ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/ 23-11-2023) മറുപടിയോടൊപ്പം പ്രസ്തുത രേഖകൾ ഹാജരാക്കിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട മേൽപ്രകാരം തുക ഡെപ്യൂട്ടി ഡയറക്ടർ SLBP കണ്ണൂരിന്റെ അക്കൗണ്ടിലേക്കു കൈമാറിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-32 കീഴത്തൂർ ഋക്കുപാലം പുനർനിർമാണം പൊളിച്ചു മാറ്റിയ വസ്തുക്കൾ പുനരുപയോഗിച്ചില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ, വേങ്ങാട് ഗ്രാമ പഞ്ചായത്ത് |
| പ്രോജക്ട് നമ്പർ, പേര് | 78/23 കീഴത്തൂർ ഋക്കുപാലം പുനർനിർമാണം |
| അടങ്കൽ | ₹ 574000( തനതു ഫണ്ട് ) |
| ചെലവ് | ₹ 536488/- Bill No. 204/ 19/1/23 |
| M.B No. | 01/22-23 |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട താഴെ പറയുന്ന ഇനങ്ങൾ ഡിസ്മാന്റിൽ ചെയ്തതായി കാണുന്നു

1) C Channel 75x40x8mm

2)Angle 25x25x3mm

3)Flat 50x5mm Top&bottom

4)Flat 50x5mm Top 3mm

5)Flat 20x5mm

6)12mm Round Bar

എം ബുക്ക് പ്രകാരം ഇവയുടെ ആകെ ഭാരം താഴെ പറയും പ്രകാരമാണ്

| എം ബുക്ക് പേജ് നമ്പർ | ഭാരം |
|---|---|
| 5 | 85.61 |

| | |
|---|---|
| 9 | 84.37 |
| 14 | 85.61 |
| 19 | 80.81 |
| 20 | 228.60 |
| 22 | 205.74 |
| Total | 770.74kg |

പൊളിച്ച മാറ്റിയ മേൽ വസ്തുക്കൾ സ്റ്റേക്ക് ചെയ്യുകയോ മറ്റ രീതിയിൽ ഉപയോഗപ്പെടുത്തിയതായോ കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 45/27-11-23) ആയവ ലേലം ചെയ്യുന്നതാണെന്നാണ് നിർവ്വഹണഉദ്യോഗസ്ഥൻ അറിയിച്ചത്. ലേല നടപടികൾ ത്വരിതപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-33 ഒഴിഞ്ഞ ടാർ വീപ്പയുടെ വിലയും ,ജിഎസ് ടി യും അതേ വകുപ്പിൽ /ഫണ്ടിലേയ്ക്ക് ഒടുക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ ധനകാര്യ കമ്മീഷൻ അവാർഡ് , മെയിന്റനൻസ് ഫണ്ട് റോഡ് എന്നീ ഇനത്തിലുള്ള തുക ഉപയോഗിച്ച് നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ നിന്ന് ഈടാക്കിയ ഒഴിഞ്ഞ ടാർ ബാരൽവില ബന്ധപ്പെട്ട ഫണ്ടിലേയ്ക്ക് ഒടുക്കാതെ, സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലാണ് (A/CNo-799013000000165) ക്രഡിറ്റ് ചെയ്തിരിക്കുന്നത്. സർക്കാർ നിർദ്ദേശ പ്രകാരം (സർക്കുലർ 59827/ എഫ്.എം 07 ത.സ്വ.ഭ.വ 30.10.2007, സർക്കാർ ഉത്തരവ് (പി )നം177 /2006 ധനം തീയതി 12.04.2006ഖ -10.3) ഒഴിഞ്ഞ ടാർ വീപ്പയുടെ വില അതേ ഫണ്ടിലേയ്ക്ക് ഒടുക്കേണ്ടതാണ്. പ്രസ്തുത തുകകൾ ഇപ്രകാരം ഒടുക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 21/24-11-23 ന് കാലി ബാരൽ വില പ്രസ്തുത ഫണ്ടിലേക്ക് ഒടുക്കുന്നതിനായി ലിസ്റ്റ് സെക്രട്ടറിക്ക് സമർപ്പിച്ചിട്ടുണ്ടെന്നും സാമ്പത്തിക വർഷം മുതൽ മേൽ നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടെന്നും മറുപടി നൽയിട്ടുണ്ട്. ഒഴിഞ്ഞ ടാർ വീപ്പയുടെ വില അതേ ഫണ്ടിലേയ്ക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 23-11-2023 | കെ.എസ്.എ/കെ.എൻ.ആർ /സി.7/1809/2023 തീയതി: 06.12.2023 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ | വിഹിതം | ലഭിച്ച | തുക | പദ്ധതിയുടെ | ചെലവഴിച്ച | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|

| നമ്പർ | നൽകിയ സ്ഥാപനം | തുക (₹) | ലഭിച്ച വർഷം | നമ്പർ/പേര് | തുക (₹) | (₹) |
|---|---|---|---|---|---|---|
| 1 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 226712 | 2022-23 | 166/23 നെൽകൃഷി വികസന പദ്ധതി | 226712 | ഇല്ല |
| 2 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 54118 | 2022-23 | 75/23 സ്നേഹ സാന്ത്വനം പെയിന് ആന്റ് പാലിയേറ്റീവ് ആശ്രയം പദ്ധതി | 54118 | ഇല്ല |
| 3 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 600000 | 2022-23 | 109/23 ശാരീരികമാനസിക വൈകല്യം നേരിടുന്ന വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ് | 600000 | ഇല്ല |
| 4 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 600000 | 2022-23 | 16/23 അങ്കണവാടി പോഷകാഹാരം | 600000 | ഇല്ല |
| 5 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 460000 | 2022-23 | 80/23 ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതി പട്ടികജാതി - | 460000 | ഇല്ല |
| 6 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 320000 | 2022-23 | 79/23 ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതി പട്ടികജാതി | 320000 | ഇല്ല |
| 7 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 300000 | 2022-23 | 176/23 പാലിന് ഇൻസെന്റീവ് | 300000 | ഇല്ല |
| | ആകെ | 2560830 | | | 2560830 | |
| 8 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 192524 | 2022-23 | 75/23 സ്നേഹ സാന്ത്വനം പെയിന് ആന്റ് പാലിയേറ്റീവ് ആശ്രയം പദ്ധതി | 192524 | ഇല്ല |
| 9 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 187600 | 2022-23 | 109/23 ശാരീരികമാനസിക വൈകല്യം നേരിടുന്ന വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ് | 187600 | ഇല്ല |
| 10 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 92000 | 2022-23 | 176/23 പാലിന് ഇൻസെന്റീവ് | 92000 | ഇല്ല |
| | ആകെ | 472124 | | | 472124 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ലൈഫ് മിഷൻ ഭവന വായ്പ തിരിച്ചടക്കാൻ ബാക്കിയില്ലാതിരുന്നിട്ടും വികസന ഫണ്ട് സ്രോതസ്സിൽ ₹237145 കുറവ് ചെയ്തിട്ടുണ്ട്. ( വിശദ വിവരം ഖണ്ഡിക- 1-18 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്). തുക തിരികെ ലഭിക്കുന്നതിന് സംസ്ഥാന സർക്കാരിനോട് അപേക്ഷിക്കാവുന്നതാണ്.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാംരംഭത്തിലുണ്ടായിരുന്ന സ്ഥിരനിക്ഷേപം (₹) | 35821590 |
| തൻവർഷം നിക്ഷേപിച്ച തുക (₹) | 6000000+<br>2561775(പലിശ) |
| ആകെ (₹) | 44383365 |
| തൻവർഷം പിൻവലിച്ച തുക (₹) | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം (₹) | 44383365 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നമ്പർ | സ്ഥിര നിക്ഷേപത്തിന്റെ വിവരം | കാലാവധി | തുക (₹) |
|---|---|---|---|
| 1 | വേങ്ങാട് സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്<br>FD നമ്പർ 20870, 11-07-2022 | 11-07-2023 | 886100 |
| 2 | വേങ്ങാട് സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്<br>FD നമ്പർ 30525, 06-05-2022 | 06-05-2023 | 6225627 |
| 3 | വേങ്ങാട് സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്<br>FD നമ്പർ 24313, 05-08-2022 | 05-08 2023 | 5269436 |
| 4 | കുന്നിരിക്ക സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്<br>FD നമ്പർ 445/2011-12, 10-10-2022 | 10-10-2023 | 10128896 |
| 5 | കുന്നിരിക്ക സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്<br>FD നമ്പർ 0001104005864, 18-03-2023 | 18-03-2024 | 8991393 |

| | | | |
|---|---|---|---|
| 6 | കുന്നിരിക്ക സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്<br>FD നമ്പർ 0001104006415, 29-12-2022 | 29-12-2023 | 6643078 |
| 7 | കുന്നിരിക്ക സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്<br>FD നമ്പർ 1104006928, 31-12-2022 | 31-12-2023 | 4145890 |
| 8 | കുന്നിരിക്ക സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്<br>FD നമ്പർ 1104006929, 31-12-2022 | 31-12-2023 | 2072945 |
| 7 | മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോഓപ്പറേറ്റീവ് സൊസൈറ്റി<br>സർട്ടിഫിക്കറ്റ് നം- 202 | - | 20000 |
| | ആകെ | | 44383365 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 50736 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (₹) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ, തിയ്യതി |
|---|---|---|---|---|
| 2020-21 | 1-25 | 28740 | ശ്രീ. മനോഹരൻ. കെ | 1220501037, 20-09-2022 |
| 2017-18 | 3-9 | 1000 | ശ്രീ. വിനോദൻ. കെ. സി | 12205011123, 24-09-2022 |
| 2021-22 | 1-21 | 20996 | ശ്രീ. ശ്രീലേഷ്. വി | 1220507537, 31-03-2023 |
| ആകെ | | 50736 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 58 | 2003-04 | 3-13-17 | പൊതു പരാമർശം | പരാമർശം നിലനിൽക്കുന്നു, |
| വിഷയാധിഷ്ഠിത അവലോകനം | | 2012-13 | 3-3-6-19 | പൊതു ശൗചാലയങ്ങളും ആരോഗ്യ പ്രശ്നങ്ങളും | പരാമർശം നിലനിൽക്കുന്നു, |
| വിഷയാധിഷ്ഠിത അവലോകനം | | 2014-15 | 4-2-6 | മണൽ വില്പനയിൽ നിന്നും വരവ്-ചെലവ് | പരാമർശം നിലനിൽക്കുന്നു, |
| വിഷയാധിഷ്ഠിത അവലോകനം | | 2014-15 | 4-2-10 | മണൽ പാസ് വിതരണ ത്തിലെ അപാകങ്ങൾ | പരാമർശം നിലനിൽക്കുന്നു, |
| വിഷയാ | | 2014-15 | 4-2-13 | കടത്ത് കമ്മറ്റി | പരാമർശം |

| | | | | | |
|---|---|---|---|---|---|
| ധിഷ്ഠിത അവലോകനം | | | | കൺവീനർ സ്വകാര്യ വ്യക്തി | നിലനിൽക്കുന്നു, |
| 2014-15 | 2-1 | 2016-17 | 2 | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു, |
| 2015-16 | 2-1 | ലഭ്യമല്ല (2022ലെ അദാലത്ത് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എഴുതിയത് ) | | വാണിജ്യാവശ്യ ങ്ങൾക്കുള്ള കെട്ടിടനികുതി നിർണ്ണയിക്കുന്നതിലെ അപാകം | പരാമർശം നിലനിൽക്കുന്നു, |
| 2019-20 | 1-32 | 2020-21 | 1-2(12) | സാന്ത്വന പരിചരണത്തിന് മരുന്ന് വാങ്ങുന്നതിനു തുക നൽകി,എന്നാൽ മരുന്ന് ലഭ്യമായിട്ടില്ല | പരാമർശം നിലനിൽക്കുന്നു, |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 55304119 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 54836661 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 877293 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

കണക്കാക്കിയിട്ടില്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|
| 1-20 | 410000 | ശ്രീ. പ്രദീപ് കുമാർ. പി, സെക്രട്ടറി |
| 1-21 | 150000 | ശ്രീ. പ്രദീപ് കുമാർ. പി, സെക്രട്ടറി |
| 1-22 | 96073 | ശ്രീ. പ്രദീപ് കുമാർ. പി, സെക്രട്ടറി |
| 1-23 | 50000 | ശ്രീമതി. സതി. സി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-24 | 171220 | ഡോ. പ്രിയ. പി.ആർ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| | 877293 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

കണക്കാക്കിയിട്ടില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പ്രദീപ് കുമാർ. പി, സെക്രട്ടറി | വിരമിച്ചു | KASHVI തൃച്ചംബരം, പി.ഒ. തളിപ്പറമ്പ് കണ്ണൂർ ജില്ല. |
| ശ്രീമതി. സതി. സി, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, വേങ്ങാട് ഗ്രാമ പഞ്ചായത്ത് | ചെമ്പിച്ചിരെ ഹൗസ് ഏഴിലോട്. പി.ഒ കണ്ണൂർ ജില്ല. |
| ഡോ. പ്രീയ. പി.ആർ, മെഡിക്കൽ ഓഫീസർ പി.എച്ച്.സി | സിവിൽ സർജൻ,, ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട് | മയൂരി സെമിനാരി റോഡ്, ധർമ്മടം പി.ഒ കണ്ണൂർ ജില്ല. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | നം. കെ.എസ്.എ.കെ. എൻ.ആർ .സി 7/1406/2022 തീയതി, 19.10.2022 | 2 |
| 1999-2000 | നം. കെ.എസ്.എ.കെ. എൻ.ആർ .സി 7/1406/2022 തീയതി, 19.10.2022 | 6 |
| 2000-2001 | നം. കെ.എസ്.എ.കെ. എൻ.ആർ .സി 7/1406/2022 തീയതി, 19.10.2022 | 4 |
| 2001-02 | നം. കെ.എസ്.എ.കെ. എൻ.ആർ .സി 7/1406/2022 തീയതി, 19.10.2022 | 2 |
| 2005-06 | നം. കെ.എസ്.എ.കെ. എൻ.ആർ .സി 7/1406/2022 തീയതി, 19.10.2022 | 1 |
| 2006-07 | നം. കെ.എസ്.എ.കെ. എൻ.ആർ .സി 7/1406/2022 തീയതി, 19.10.2022 | 2 |
| 2008-09 2009-10 2010-11 | നം. കെ.എസ്.എ.കെ. എൻ.ആർ .സി 7/1406/2022 തീയതി, 19.10.2022 | 2 |
| 2011-12 2012-13 | നം. കെ.എസ്.എ.കെ. എൻ.ആർ .സി 7/1406/2022 തീയതി, 19.10.2022 | 1 |
| 2015-16 | നം. കെ.എസ്.എ.കെ. എൻ.ആർ .സി 7/1406/2022 തീയതി, 19.10.2022 | 2 |

| | | |
|---|---|---|
| 2016-17 | നം. കെ.എസ്.എ.കെ. എൻ.ആർ .സി 7/1406/2022 തീയതി, 19.10.2022 | 2 |
| 2017-18 | നം. കെ.എസ്.എ.കെ. എൻ.ആർ .സി 7/1406/2022 തീയതി, 19.10.2022 | 1 |
| 2019-20 | നം. കെ.എസ്.എ.കെ. എൻ.ആർ .സി 7/453/2021തീയതി, 20.5.2021 | 25 |
| 2020-21 | നം. കെ.എസ്.എ.കെ. എൻ.ആർ .സി 7/245/2022 തീയതി, 5.5.2022 | 15 |
| 2021-22 | നം. കെ.എസ്.എ.കെ. എൻ.ആർ .സി 7/3/2023 തീയതി, 17.3.2023 | 18 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 1

# Audit Certificate

i. I have audited the attached Financial statements approved vide resolution number 139/2023 dated 19-07-2023 and submitted on 19-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Vengad Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Vengad Grama Panchayat for the year 2022-2023

Date: 06/12/2023

Deputy Director
District Office Kannur
Kerala State Audit Department

## Audit Report appended to the Audit Certificate of Vengad Grama Panchayat for the Year 2022-2023.

**1.Major Observations**

1.The value of land owned by the institution not disclosed as asset

**2.Other Observations**

1. Amount used for asset creation using specific grant account not trasferred to capital contribution and treated as revenue income.

2. CFC Grant liability amount shown as liability in Balancesheet does not match with Bank account opened for the specified grant account.

3. Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

4. The following mandatory financial statements such as , Ratios,comparitive amounts for the preceding year ,prescribed in 2011 kerala panchayat raj accounting rules are not submitted for audit

5. Notes to Account not submitted for audit

6. Lapses in making timely and accurate demand entries in respect of tax and non tax revenue

7. Asset register has not been updated

8.Suchitwa mission fund the amount not received shown as receipt and paymen

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ വേങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## ധനകാര്യ പത്രികകൾ

1) RECEIPT & PAYMENT STATEMENT

| | | | |
|---|---|---|---|
| Vengad Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 15991295.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1987980.00 |
| 140000000 | Fees & User Charges | RP-4 | 2429748.00 |
| 150000000 | Sale & Hire Charges | RP-5 | 573532.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 19325000.00 |
| 171000000 | Interest Earned | RP-9 | 285583.00 |
| 190000000 | Prior Period Income | RP-11 | 83485.00 |
| 230000000 | Operations & Maintenance | RP-14 | 2.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 8668.00 |
| 311000000 | Earmarked Funds | RP-28 | 47096.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 19345442.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 9248042.00 |
| 460000000 | Loans, Advances and Deposits | RP-49 | 350474.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 0.0 |
| 340000000 | Deposits Received | RP-33 | 162939.00 |
| 350000000 | Other Liabilities | RP-35 | 1456128.00 |
| | Grand total | | 71295414.00 |
| | PAYMENTS | | |
| | Operating | | |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 48023.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 3015736.00 |
| 460000000 | Loans, Advances and Deposits | RP-49 | 1951379.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 155493.00 |
| 350000000 | Other Liabilities | RP-35 | 49666030.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 16458753.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 71295414.00 |

2) INCOME & EXPENDITURE STATEMENT

Vengad Grama Panchayat
INCOME & EXPENDITURE STATEMENT
For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 9445180.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 871474.00 |
| 140000000 | Fee & User Charges | I-4 | 3311686.00 |
| 150000000 | Sale & Hire Charges | I-5 | 596291.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 209602466.00 |
| 170000000 | Income from Investments | I-7 | 2561775.00 |
| 171000000 | Interest Earned | I-8 | 285583.00 |
| 180000000 | Other Income | I-9 | 0.0 |
| 190000000 | Prior Period Income | I-19 | 110755.00 |
| | Total Income | | 226674455.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 13422060.00 |
| 220000000 | Administrative Expenses | I-11 | 1474752.00 |
| 230000000 | Operations & Maintenance | I-12 | 2062333.00 |
| 240000000 | Interest & Finance Charges | I-13 | 649.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 10143907.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 35085383.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 11056065.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 41498921.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 86565800.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1001840.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 7600.00 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 2535013.00 |
| | Total Expenditure | | 204854323.00 |
| | Gross Surplus / Deficit of income over Expenditure | | 21820132.00 |

| | | | |
|---|---|---|---|
| | Gross Surplus / Deficit of income over Expenditure | | 22046653.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 337276.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | -226521.00 |

3)BALANCE SHEET

| Vengad Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 79526069.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 80704.00 |
| 312000000 | Reserves | B-3 | 48770808.00 |
| | Total Reserve & Surplus | | 128377581.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 10858677.00 |
| | Total Grants, Contributions for Specific Purposes | | 10858677.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 722384.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2442122.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 3164506.00 |
| | TOTAL LIABILITIES | | 142400764.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 895646.00 |
| 412000000 | Capital Work in Progress | B-11(b) | 459483.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 34937.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 6248553.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 141760513.00 |
| 416000000 | Accumulated Depreciation | B-11(a) | -73990035.00 |
| | Total Fixed Assets | | 75409097.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 44383365.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |

| | | | |
|---|---|---|---|
| | Total Investments | | 44383365.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 4395233.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 16458753.00 |
| 460000000 | Loans, Advances and Deposits | B-18 | 1754316.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 22608302.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 142400764.00 |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.